# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2594    18/06/2014 ൽ മറുപടിയ്ക്ക്

## <u>പൊന്നാനി ഐ.ടി.ഐ.</u>

| ചോദ്യം<br>ശ്രീ. പി. ശ്രീരാമകൃഷ്ണൻ | | ഉത്തരം<br>ശ്രീ. എ.പി. അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | പൊന്നാനിയിലെ പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള ഐ.ടി.ഐ.യിൽ പതിറ്റാണ്ടുകളായി ഇലക്ട്രീഷ്യൻ കോഴ്സ് മാത്രമാണുള്ളതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | ഇവിടെ കൂടുതൽ തൊഴിൽ സാധ്യതയുള്ള കോഴ്സുകൾ അനുവദിക്കുന്നതിന് തൊഴിൽ വകുപ്പുമായി ബന്ധപ്പെട്ട നടപടി സ്വീകരിക്കുമോ ; | (ബി)<br>യും<br>(സി)<br>യും | പൊന്നാനി ഗവൺമെന്റ് ഐ.ടി.ഐ.യിൽ നിലവിലുള്ള ഇലക്ട്രീഷ്യൻ ട്രേഡിന് പുറമേ രണ്ട് വർഷം പരിശീലന ദൈർഘ്യമുള്ള മെക്കാനിക് മോട്ടോർ വെഹിക്കിൾ (MMV) എന്ന NCVT ട്രേഡ് കൂടി ആരംഭിയ്ക്കുന്നതിലേയ്ക്ക് തൊഴിൽ വകുപ്പിന്റെ ശുപാർശ സഹിതം, കെട്ടിട നിർമ്മാണം ഉൾപ്പെടെയുള്ള കാര്യങ്ങൾ റീവാമ്പിംഗ് ഓഫ് ഐ.ടി.ഐ. എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | പ്രസ്തുത കാംപസിൽ പുതിയ കെട്ടിടം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | | |

സെക്ഷൻ ഓഫീസർ